




ആയിരക്കണക്കിന് കുടുംബങ്ങളെ തന്ത്രങ്ങളും കുതന്ത്രങ്ങളുമുപയോഗിച്ച് ഒഴിപ്പിച്ചെടുത്ത് നിർമ്മിച്ച നെടുമ്പാശ്ശേരി വിമാനത്താവളത്തിനോട് ചേർന്ന് ഗോൾഫ് കോഴ്സിന്റെ നിർമ്മാണം പുരോഗമിക്കുകയാണ്. വിമാനത്താവളത്തിനായി ഒഴിപ്പിച്ചെടുത്ത ഭൂമിയെ തൃശ്ശൂർ-എറണാകുളം റെയിൽവേ ലൈൻ നെടുകെ പിളർക്കുന്നതിനാൽ റൺവേ എങ്ങിനെ സ്ഥാപിക്കുമെന്ന് സംശയിച്ചവർക്ക് ഇപ്പോൾ മറുപടി കിട്ടിയിരിക്കുന്നു

# വികസന ആസൂത്രണം നെടുമ്പാശ്ശേരി മോഡൽ!

കെ.ആർ. രൺജിത്ത്

കേരളത്തിന്റെ വികസനചരിത്രത്തിൽ ദീർഘദർശനത്തിന്റെയും പ്രത്യുത്പന്നമതിത്വത്തിന്റെയും ഉത്തമോദാഹരണമാണ് സിയാൽ എന്ന കൊച്ചിൻ ഇന്റർനാഷണൽ എയർപോർട് ലിമിറ്റഡ്. ഇതുവരെ പരീക്ഷിക്കപ്പെടാത്ത മാതൃകയാണ് ഈ സ്വപ്നപദ്ധതിക്കുവേണ്ടി തയ്യാറാക്കുകയും നടപ്പാക്കുകയും ചെയ്തത്. ആയിരക്കണക്കിന് കുടുംബങ്ങളെ തന്ത്രങ്ങളും കുതന്ത്രങ്ങളുമുപയോഗിച്ച് ഒഴിപ്പിച്ചെടുത്ത് മാതൃകാ പുനരധിവാസകോളനികളിൽ പാർപ്പിച്ചു.

എയർപോർട്ടിന് വേണ്ടി എണ്ണൂറ് ഏക്കറിലധികം ഭൂമി ആവശ്യമില്ലാതിരുന്നിട്ടും ആയിരത്തിമുന്നൂറ് ഏക്കറിലധികം ഭൂമി പതിനഞ്ച് വർഷം മുമ്പ് തന്നെ ഒഴിപ്പിച്ചെടുത്ത് ലാന്റ് ബാങ്കാക്കി നിലനിർത്തി. സെന്റിന് ആയിരവും രണ്ടായിരവും രൂപ പൊന്നുംവിലയായി നൽകിയായിരുന്നു ഭൂമി ഏറ്റെടുത്തത്. ഭൂമി ഒഴിയേണ്ടി വന്നവർക്ക് വിമാനത്താവളത്തിൽ ജോലി വാഗ്ദാനം ചെയ്തു. ദോഷം പറയരുതല്ലോ, ഭാഗ്യശാലികൾക്ക് ടാക്സി ഓടിക്കാനുള്ള അനുമതിയും എയർപോർട് കാർഗോയിൽ താൽക്കാലിക ജോലിയും ലഭിച്ചു. ഇതിലൊന്നും തൃപ്തരാകാതെയിരുന്ന ചിലർ പിന്നെയും ബഹളമുണ്ടാക്കിക്കൊണ്ടിരുന്നു. സമരം എന്നൊന്നും പറയാനില്ല, ഒറ്റപ്പെട്ട എതിർപ്പുകൾ. എതിർത്തവർക്കൊക്കെ ബ്യൂറോക്രസിയുടെ ശക്തിയെന്താണെന്ന് അന്നേ കാണിച്ചുകൊടുത്തു. ഒഴിഞ്ഞുപോകാൻ വിസമ്മതിച്ചവരുടെ കഞ്ഞിക്കലങ്ങൾവരെ തട്ടിയുടച്ചുകൊണ്ടും വിളഞ്ഞ നെൽപ്പാടങ്ങൾ ഉഴുതുമറിച്ചുകൊണ്ടും ബുൾഡോസറുകൾ മുരണ്ടു. ജനകീയ വിമാനത്താവളത്തിന് മുമ്പിൽ നാട്ടുകാരുടെ എതിർപ്പുകൾ വിലപ്പോയില്ലെന്നതാണ് സത്യം. മുള്ളിനെ മുള്ളുകൊണ്ടെടുക്കാൻ കരുണാകരനും അദ്ദേഹത്തിന്റെ ബ്യൂറോക്രാറ്റിക് ധാർഷ്ഠ്യത്തിനുംകഴിഞ്ഞു- ജനങ്ങളെ ജനകീയം കൊണ്ടുനേരിടുക എന്ന തന്ത്രം വിജയിച്ചു! മാനേജ്മെന്റ് മികവിന്റെ മകുടോദാഹരണമായി ജനവഞ്ചനയുടെ ഈ സ്മാരകം വാഴ്ത്തപ്പെട്ടു. നാടിന്റെ വികസനത്തിനായി പ്രതിപക്ഷം സമ്പൂർണസഹകരണം നൽകി. ഒറ്റ ഡിമാന്റേ ഉണ്ടായിരുന്നുള്ളൂ; ഇതുപോലൊരു ജനകീയ വിമാനത്താവളം കണ്ണൂരിലും വേണം!

ജനകീയവിമാനത്താവളം പിന്നീട് പ്രൈവറ്റ്-പബ്ലിക് പാർട്ണർഷിപ്പിന്റെ ഉദാത്തമാതൃകയായി. ഇതുകൊണ്ടൊന്നും വിമാനത്താവള ശിൽപികളുടെ ദീർഘദർശിത്വത്തെ കുറച്ചുകാണരുത്. അന്ന് ഒഴിപ്പിച്ചെടുത്ത അധികമുള്ള അഞ്ഞൂറ് ഏക്കറിലധികം സ്ഥലമാണ് ഇന്ന് വികസനത്തിന്റെ പുതിയ ചക്രവാളം തുറക്കുന്നത്. വിമാനത്താവളത്തിനായി ഒഴിപ്പിച്ചെടുത്ത ഭൂമിയെ തൃശ്ശൂർ-എറണാകുളം റെയിൽവേ ലൈൻ നെടുകെ പിളർക്കുന്നു. റൺവേ റെയിൽപാതയ്ക്ക് മുകളിലൂടെ സ്ഥാപിക്കാൻ കഴിയില്ലെങ്കിൽ പിന്നെ എന്തിനാണ് പാതയ്ക്കിപ്പുറമുള്ളവരുടെ സ്ഥലം ബലംപ്രയോഗിച്ചും പ്രലോഭിപ്പിച്ചും ഏറ്റെടുക്കുന്നതെന്ന് ചില ദോഷൈകദൃക്കുകൾ അന്നേ ചോദിച്ചിരുന്നു. ഈ എയർപോർട്ട് മിച്ചഭൂമിയിലൂടെ ഇന്ന് അഞ്ച് കിലോമീറ്ററോളം നീളത്തിൽ രാജപാതയുണ്ട്. ഈ പാതയുടെ ഇരുവശവും കൊച്ചിയുടെ ഏറ്റവും വിലപ്പെട്ട റിയൽ എസ്റ്റേറ്റ് ഭൂമിയായി മാറി. തീർന്നില്ല. 127 ഏക്കറിൽ എയർപോർട്ട് ലിമിറ്റഡ് കേരളത്തിലെ ആദ്യത്തെ




ഗോൾഫിനെക്കുറിച്ച് തനിക്ക് വലുതായൊന്നും അറിയില്ലെന്ന് ആദ്യഘട്ട ഉദ്ഘാടനച്ചടങ്ങിൽ ടൂറിസം-ആഭ്യന്തരവകുപ്പ് മന്ത്രി കോടിയേരി ബാലകൃഷ്ണൻ തുറന്നുപറഞ്ഞു. ടൂറിസം ഡയറക്ടറും നാടകനടനുമായ ഡോ.വേണുവിനോട് ചോദിച്ചു. ജപ്പാനിലും മറ്റും ഗോൾഫ് വലിയ സംഭവമാണെന്ന് അദ്ദേഹം പറഞ്ഞുകൊടുത്തു. ചാർട്ടർ ചെയ്ത ഫ്ളൈറ്റിലൊക്കെയാണ് ഗോൾഫ് കളിക്കാർ രാജ്യാന്തരഗമനം നടത്തുന്നതെന്നും. എന്തായാലും കച്ചവടം ജോറാകുമെന്ന് മനസ്സിലായതോടെ മന്ത്രിക്ക് സന്തോഷം.

രാജ്യാന്തരനിലവാരമുള്ള ഗോൾഫ് കോഴ്സ് പണിയുന്നു. ഇരുപത്തിമൂന്ന് കോടിരൂപ നിർമ്മാണച്ചെലവ്. സ്ഥലത്തിന്റെ ഇപ്പോഴത്തെ മതിപ്പ് വില കൂടി കണക്കാക്കുമ്പോൾ മൊത്തം അറുപത്തിനാല് കോടിരൂപ. പതിനെട്ട് കുഴികളുള്ള ഗോൾഫ് കോഴ്സിൽ 9 കുഴികൾ പൂർത്തിയാക്കി ഉദ്ഘാടനവും കഴിഞ്ഞു. ഇതിനോടനുബന്ധിച്ച് പഞ്ചനക്ഷത്രനിലവാരമുള്ളവർക്ക് വേണ്ടി ഒരു കൺട്രിക്ലബ്ബും ഒരുങ്ങിക്കഴിഞ്ഞു. 2013ൽ ഗോൾഫ് കോഴ്സ് പൂർണ്ണസജ്ജമാകുമ്പോൾ റസ്റ്റോറന്റും ബാറും കോൺഫറൻസ് കംപാർട്ടിയിങ്ങ് ഏരിയയും സ്വിമ്മിങ് പൂളും ഹെൽത്ത് ക്ലബുമൊക്കെയുണ്ടായിരിക്കും. (തിരുവനന്തപുരം ഗോൾഫ് ക്ലബിൽ കളിയൊന്നുമല്ല, കുടിയാണ് നടക്കുന്നതെന്ന് പരിഹസിച്ച മുഖ്യമന്ത്രി വി എസ് അച്യുതാനന്ദൻ തന്നെയാണ് എയർപോർട് ലിമിറ്റഡിന്റെയും അമരക്കാരൻ.)രാജ്യാന്തരനിലവാരമുള്ള എയറോട്രോപോളിസും ഐ ടിക്ക് വേണ്ടി സെസ് പദവിയുള്ള വ്യവസായ ടൗൺഷിപ്പും വഴിയേ വരും. എല്ലാം നെടുമ്പാശ്ശേരിക്കാർ അറിഞ്ഞുകൊടുത്ത ഭൂമിയിൽ!

ലോകത്തിന്റെ പലഭാഗങ്ങളിലും സാമൂഹ്യവിരുദ്ധവും പരിസ്ഥിതിവിരുദ്ധവുമായ ഗോൾഫ് കോഴ്സ് വ്യാപനത്തിനെതിരെ പ്രതിഷേധങ്ങൾ നടക്കുമ്പോഴാണ് നാടൻ കർഷകരെ പറഞ്ഞുപറ്റിച്ച് ഒഴിപ്പിച്ചെടുത്ത ഭൂമി ഇവിടെ അതിസമ്പന്നരുടെ കേളീമൈതാനമായിമാറിയത്. കേരളജനത യാതൊരു പ്രതിഷേധവും കൂടാതെ ഗോൾഫ് കോഴ്സ് വികസനത്തെ എതിരേൽക്കുകയാണ്. പ്രതിഷേധം ഇല്ലെന്ന് പറയുന്നില്ല. ജമാ അത്തെ ഇസ്ലാമിയുടെ യുവസംഘടന സോളിഡാരിറ്റി ഒരുദിവസം അത്താണിയിൽ പൊതുയോഗം കൂടി പ്രതിഷേധിച്ചു. അപൂർവ്വം ചില പത്രമാധ്യമങ്ങളിൽ ചില അപസ്വരങ്ങൾ കേട്ടു. അത്ര മാത്രം.

കോടികളുടെ ടൂറിസം വികസനമാണ് ഗോൾഫിലൂടെ ലക്ഷ്യം വെയ്ക്കുന്നതത്രേ. വിമാനത്താവളത്തിന്റെ സാമീപ്യം കൂടിയുള്ളതുകൊണ്ട് ഗോൾഫ് ടൂറിസത്തിന് വൻസാധ്യതയാണ് കേരളം മനക്കണക്കുകൂട്ടുന്നത്. ഗോൾഫിനെക്കുറിച്ച് തനിക്ക് വലുതായൊന്നും അറിയില്ലെന്ന് ആദ്യഘട്ട ഉദ്ഘാടനച്ചടങ്ങിൽ ടൂറിസം-ആഭ്യന്തരവകുപ്പ് മന്ത്രി കോടിയേരി ബാലകൃഷ്ണൻ തുറന്നുപറഞ്ഞു. ടൂറിസം ഡയറക്ടറും നാടകനടനുമായ ഡോ.വേണുവിനോട് ചോദിച്ചു. ജപ്പാനിലും മറ്റും ഗോൾഫ് വലിയ സംഭവമാണെന്ന് അദ്ദേഹം പറഞ്ഞുകൊടുത്തു. ചാർട്ടർ ചെയ്ത ഫ്ളൈറ്റിലൊക്കെയാണ് ഗോൾഫ് കളിക്കാർ രാജ്യാന്തരഗമനം നടത്തുന്നതെന്നും. എന്തായാലും കച്ചവടം ജോറാകുമെന്ന് മനസ്സിലായതോടെ മന്ത്രിക്ക് സന്തോഷം.

കൺട്രിക്ലബിലേക്കും ഗോൾഫ് ക്ലബിലേക്കുമുള്ള മെമ്പർഷിപ്പ് ഇപ്പോൾ (നിബന്ധനകളോടെ) ചുരുങ്ങിയ ചെലവിൽ ലഭിക്കും. പ്രാരംഭ ഓഫർ പ്രകാരം തിരിച്ചുലഭിക്കാത്ത രണ്ട് ലക്ഷം രൂപയാണ് മെമ്പർഷിപ്പ് ഫീസ്. ഒപ്പം സർക്കാരിലേക്കുള്ള നികുതിയും. കോർപ്പറേറ്റ് മെമ്പർമാർക്ക് ആറ് ലക്ഷം രൂപയും നികുതിയും. പതിനായിരം രൂപ രെജിസ്ട്രേഷൻ ഫീസ്. തെരഞ്ഞെടുക്കപ്പെട്ട ഇരുന്നൂറ് അതിവിശിഷ്ടർക്ക് മാത്രമാണ് ഇപ്പോൾ മെമ്പർഷിപ്പ് ലഭിക്കുക. പതിനെട്ട് കുഴികളോടെ ഗോൾഫ് കോഴ്സ് പൂർണ്ണസജ്ജമാകുമ്പോൾ ആകെ 900 പേർക്ക് മെമ്പർഷിപ്പ് ലഭിക്കും. പരിസ്ഥിതി സ്നേഹികളായ അതിസമ്പന്നർക്കും മനസ്സാക്ഷിക്കുത്തില്ലാതെ മെമ്പർഷിപ്പെടുക്കാം; കാരണം ഇത് ഇകോ-ഫ്രൻഡ്ലി ഗോൾഫ് കോഴ്സാണ്! ഗോൾഫ് കളിക്കുകയുമാവാം പൊളിറ്റിക്കലി കറക്ട് ആയിരിക്കുകയും ചെയ്യാം.

ബന്ധങ്ങൾക്ക്: 9447542293




കേരളീയം കൂട്ടായ്മ

താങ്കളുടെ സഹായം തേടുന്നു.

**കൂട്ടായ്മ അംഗത്വം 10,000 രൂപ. ആജീവാനന്ത വരിസംഖ്യ**
വിദേശത്തേക്ക് 8000 രൂപ. ഇന്ത്യയിൽ 5,000 രൂപ
**വാർഷിക വരിസംഖ്യ** 12 ലക്കം :
ഇന്ത്യയിൽ 240 രൂപ, സ്ഥാപനങ്ങൾക്ക് 500 രൂപ, വിദേശത്തേക്ക് 1000 രൂപ
കത്തുകൾ, വാർത്തകൾ, സംഭാവന, വരിസംഖ്യ തുടങ്ങിയവ എത്തിക്കുക.

ബന്ധപ്പെടുക : **കേരളീയം, കൊക്കാലെ, തൃശൂർ-21**
**Ph :** 9446576943 robinkeraleeyam@gmail.com